**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 255** **19.02.2016 ൽ മറുപടിയ്ക്ക്**

**<u>സ്കൂൾ കലോത്സവം</u>**

| <u>ചോദ്യം</u> | | <u>ഉത്തരം</u> |
|---|---|---|
| ശ്രീ.സി.എഫ്.തോമസ്<br>ശ്രീ.തോമസ് ഉണ്ണിയാടൻ | | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) ആദിവാസി വിദ്യാർത്ഥികൾക്ക് തങ്ങളുടെ തനത് കലാരൂപങ്ങൾ സ്കൂൾ കലോൽസവങ്ങളിൽ അവതരിപ്പിക്കുന്നതിന് ഇത്തവണയും അവസരം ലഭിച്ചില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) പ്രസ്തുത വിഭാഗത്തിന്റെ തനത് കലാരൂപങ്ങൾ സ്കൂൾ കലോത്സവത്തിൽ അവതരിപ്പിക്കുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ആദിവാസി വിദ്യാർത്ഥികൾക്ക് തങ്ങളുടെ തനത് കലാരൂപങ്ങൾ സ്കൂൾ കലോത്സവങ്ങളിൽ അവതരിപ്പിക്കുന്നതിനായി ആയത് സർക്കാർ ഉത്തരവ് പ്രകാരം കേരള സ്കൂൾ കലോത്സവ മാന്വലിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. 56-ാമത് സ്കൂൾ കലോത്സവത്തിൽ ആദിവാസി ഗോത്രകലകൾ പ്രദർശന ഇനമായി ഉൾപ്പെടുത്തിയിരുന്നു. |
| (സി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി കലോത്സവ മാന്വൽ പരിഷ്കരിക്കുന്നതിന് നടപടി കൈക്കൊള്ളുമോ? | (സി) | സ്കൂൾ കലോത്സവ മാന്വൽ പരിഷ്കരിക്കുന്നതിനു വേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനായി ഒരു മാന്വൽ പരിഷ്കരണ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി ആദിവാസി ഗോത്രകലകൾ കലോത്സവ മാന്വലിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ